

# കളക്ടർ ബ്രോ

ഇനി ഞാൻ തള്ളട്ടെ

പ്രശാന്ത് നായർ

എങ്ങനെയാണ് നിസ്വാർത്ഥമായി
സമൂഹത്തിന് നന്മ ചെയ്യാൻ
സാധിക്കുന്നതെന്നും, കരുണയുടെ
ശരിയായ പ്രയോഗം എങ്ങനെയെന്നും
ഈ ബുക്ക് പഠിപ്പിക്കും.
– *മുരളി തുമ്മാരുകുടി*

'കൈയിലെടുത്താൽ
വായുവിമാന സഞ്ചാരമെന്ന മട്ടിൽ
ചറപറാന്ന് വായിച്ചു
പോകാവുന്നതും എന്നാൽ
വായനയ്ക്കിടയിൽ ബ്രേക്കിട്ട്
ആലോചനയിൽ മുഴുകിപ്പിക്കു
ന്നതുമായ പുസ്തകമാണ്
'കളക്ടർ ബ്രോ The quixotic thallals'
of a civil servant' എന്ന ഈ പുസ്തകം.
അതെ, ഇത്രേയുള്ളു 'You can't satisfy
everyone, nor should you try to''.
– *എസ്. ശാരദക്കുട്ടി*



"The Collector Bro's mission was to get the best out of people and get good things done for the district. Thankfully the 'district' for him meant the 'people of the district'. He describes his book as 'Thallals' - the colloquial Malayalam word for bragging. But he certainly is not bragging in the book. We all had wallowed in those heroic stories during his Calicut days, particularly because those stories included his work related to palliative care. His book shows us the power of the people. The people were allowed to be partners in running their district. He demonstrated that if we believe in people and allow them to, the community can do wonders."

– Padmasree Dr. Rajagopal

'ബ്യൂറോക്രാറ്റിക് കെട്ടുപാടുകളിൽനിന്ന് മാറി
ഒരു പുതിയ കളക്ടറുടെ കൗതുകകരമെന്നു തോന്നിക്കുന്ന
ഉജ്ജ്വലമായ ചുവടുകൾ, ലോകചിന്തകൾ, ആശയങ്ങൾ,
പ്രായോഗിക പദ്ധതികൾ ഇവയാണ് കളക്ടർ ബ്രോ
എന്ന പുസ്തകത്തിന്റെ ഉള്ളടക്കം. സത്യസന്ധതയാണ്
ഇതിലെ ഭാഷയുടെ പ്രത്യേകത.'
– ജി. വേണുഗോപാൽ



'ഞാൻ ഇതുവരെ കാണാത്ത ഒരു ലോകം തുറന്നുതന്ന ഒരു
പുസ്തകം. ഇടയ്ക്ക് ചിരിച്ചും കൂടുതൽ സമയവും കണ്ണുകൾ
ഈറനണിഞ്ഞും വായിച്ച് തീർത്തു. Must read എന്നൊന്നും
പറയുന്നില്ല. പക്ഷേ, വായിച്ചാൽ നിങ്ങൾ കുറച്ചുകൂടെ വിശാ
ലമായി ചിന്തിക്കും. സഹാനുഭൂതി മെച്ചപ്പെടും. ഉറപ്പാണ്. ഒരു
ചെറിയ transformation. അതുതന്നെയാണ് ഒരു കലയുടെ
ആത്യന്തിക ലക്ഷ്യം എന്ന് ഞാൻ വിശ്വസിക്കുന്നു.'
– ജൂഡ് ആന്റണി ജോസഫ് (സിനിമാ സംവിധായകൻ)

കവർ ഡിസൈൻ: രഞ്ജിത് രാമദാസൻ

ഡിസി ബുക്സ്

www.dcbooks.com

ഓർമ്മ

ISBN 978-93-5432-544-1 00006

9 789354 325441

E-book available

₹ 225

പ്രശാന്ത് നായർ • കളക്ടർ ബ്രോ

DCB

DCB





ആറാം പതിപ്പ്

KOZHIKODE

# കളക്ടർ ബ്രോ

2015–
–2017



## ഇനി ഞാൻ തള്ളട്ടെ

ഓപ്പറേഷൻ
സുലൈമാനി



പ്രശാന്ത് നായർ

മുഖവുര ശശി തരൂർ

1644

College of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No............................... Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## പ്രശാന്ത് നായർ

കണ്ണൂർകാരായ ഡോ. എൻ. രാധയുടെയും പി.വി. ബാലകൃഷ്ണന്റെയും മകനായി ജനനം. തിരുവനന്തപുരത്തെ ലയോള സ്കൂൾ, മാർ ഇവാനിയോസ് കോളജ്, ഗവൺമെന്റ് ലോ കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. തുടർന്ന് ഹൈക്കോടതിയിൽ അഭിഭാഷകനായി എൻറോൾ ചെയ്തു. 2007 മുതൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ (IAS). ടൂറിസം, റവന്യൂ, എക്സൈസ്, ജലഗതാഗതം, ഊർജ്ജം, തൊഴിൽ നൈപുണ്യം, ഇറിഗേഷൻ വകുപ്പുകളിലായി ഔദ്യോഗികസേവനം. കോഴിക്കോട് ജില്ലാ മജിസ്ട്രേറ്റായിരിക്കെ ജനപങ്കാളിത്തത്തോടെ ഭരണത്തിൽ നടപ്പിലാക്കിയ പദ്ധതികൾ 'കളക്ടർ ബ്രോ' എന്ന വിളിപ്പേര് സമ്മാനിച്ചു. *കംപാഷനേറ്റ് കോഴിക്കോട്* എന്ന പദ്ധതിയെ ലോകത്തെ പ്രചോദിപ്പിച്ച അമ്പത് പദ്ധതികളിൽ ഒന്നായി Internationale Tourismus-Börse Berlin -തിരഞ്ഞെടുത്തു. Digital Empowerment Foundation and the Friedrich Naumann Foundation ന്റെ സോഷ്യൽ മീഡിയ ഫോർ എംപവർമെന്റ് (SM4E) പുരസ്കാരത്തിനും ഈ പദ്ധതി തിരഞ്ഞെടുക്കപ്പെട്ടു. പൊതുജനങ്ങളുമായി സ്വതന്ത്രമായി ആശയവിനിമയം നടത്തുന്നതിന് സോഷ്യൽ മീഡിയയെ ഉപയോഗിക്കുന്നതിൽ മുൻനിരക്കാരൻ. കടുത്ത ചലച്ചിത്രപ്രേമി. തിരക്കഥാകൃത്ത്, അഭിനേതാവ്, ഹ്രസ്വചിത്ര-ഡോക്യുമെന്ററി സംവിധായകൻ എന്നീ നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ചു. 'ദൈവകണം' എന്ന ഹ്രസ്വചിത്രം 2018-ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ പ്രീമിയർ ചെയ്യപ്പെട്ടു. ഭാര്യയും രണ്ടു കുട്ടികളും പൂച്ചയുമായി കൊച്ചിയിൽ താമസം.

പ്രശാന്ത് നായർ

# കളക്ടർ ബ്രോ

## ഇനി ഞാൻ തള്ളട്ടെ

*ഇല്ലസ്ട്രേഷൻ*
നിത്യ ദീപക്

*ഡിസൈൻ*
രഞ്ജിത്ത് രാമദാസൻ

ഡി സി ബുക്സ്

Malayalam Language
Original English Title
Collector Bro: The quixotic thallals* of a civil servant

Memoir
*by* Prasanth Nair

Malayalam Title
Collector Bro-Ini njān Thallatte

Rights Reserved
First Published May 2021
This edition- October 2021

Publishers
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

Distributors
D C Books-Current Books
INDIA

D C Books Library Cataloguing in Publication Data
Prasanth Nair.
Collector bro-ini njan thallatte/Prasanth Nair.
216 p., 21 cm.
ISBN 978-93-5432-544-1.
1. Memoir. I. Title.
920-dc 22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5432-544-1

Printed in India
at D C Press, Kottayam, INDIA.

D C BOOKS - The first Indian Book Publishing House to get ISO Certification

623/21-22-Sl.No. 22100-dcb 7752-(6) 3000-4549-10-21-hn 60-p sj-r(t) ga-d(t)ga

ജഗന്മാതാവിന് സമർപ്പണം

# ഉള്ളടക്കം

*മുഖവുര* ........ 11
*അവതാരിക* ........ 13
*തള്ളൽപ്രസ്ഥാനം!* ........ 15
*ആമുഖം* ........ 19

മഹാനായ അശോകചക്രവർത്തി ........ 23
ഹമ്പട ഞാനേ! ........ 29
അവന്റെയൊരു കൂളിങ് ഗ്ലാസ് ........ 37
മാപ്പ് മാപ്പേയ് ........ 47
വെറുമൊരു ഫേസ്ബുക്ക് കളക്ടർ! ........ 55
വി.ഐ.പി. സംസ്കാരം ........ 61
കോഴിക്കോടിന്റെ ആത്മാവ് ........ 69
ആത്മാവിനുള്ള ഭക്ഷണം ........ 75
ഹനാൻ എന്ന മാലാഖ ........ 81
കളിയിലെ നിയമങ്ങൾ ........ 87
വിശപ്പിന്റെ കളികൾ ........ 93
ഓപ്പറേഷൻ സുലൈമാനി ........ 99
ഒരിത്തിരി മൊഹബത്ത് ചേർത്ത് ........ 105
വേൾഡ് ഫുഡ് വിത്ത് ഡിഗ്നിറ്റി ഡേ ........ 111
സവാരി ഗിരി ഗിരി ........ 119
ജോർജുകുട്ടിയുടെ രഹസ്യങ്ങൾ ........ 123

നന്മയുടെ ഒരു നുള്ള് തള്ള് ........................................................129
കോഴിക്കോടൻ ഇതിഹാസങ്ങൾ ............................................137
അധികം പോകാത്ത വഴികൾ ................................................143
തേരെ മേരെ ബീച്ച് മേം ..............................................................151
ഒരു ഉടായിപ്പ് സ്കീം....................................................................155
നന്മമരങ്ങൾ പൂത്തപ്പോൾ............................................................163
ലിംഗഭേദങ്ങൾക്കുമപ്പുറം ..........................................................171
നമ്മുടെ കുഞ്ഞുങ്ങൾ ..................................................................181
ഒരു കുപ്രസിദ്ധ പയ്യൻ.................................................................187
'റിയൽ എസ്റ്റേറ്റിൽ' നിന്ന് 'റിയൽ' എസ്റ്റേറ്റിലേക്ക് ......193
കംപാഷനേറ്റ് ഇന്ത്യ ......................................................................197
REFERENCES.................................................................................203

## മുഖവുര

ഊഷ്മളമായ നർമം, അനല്പമായ ജ്ഞാനം—ഇതുരണ്ടും ഒത്തുചേർന്ന 'കളക്ടർ ബ്രോ' എന്ന പ്രശാന്ത് നായരുടെ ഈ ഓർമ്മക്കുറിപ്പുകൾ (അദ്ദേഹത്തിന്റെ ഭാഷയിൽ 'തള്ളുകൾ') കഠിനാദ്ധ്വാനിയായ ഒരു യുവ ഐ. എ. എസ്. ഉദ്യോഗസ്ഥന്റെ ലോകത്തേക്കുള്ള കൗതുകകരമായ സഞ്ചാരമാണ്. പ്രതീക്ഷകളും ഇടയ്ക്കൊക്കെ നിരാശകളും നിറഞ്ഞ, എന്നാൽ ഒരിക്കലും ബോറടിപ്പിക്കാത്ത അനുഭവങ്ങൾ ഈ പുസ്തകത്തിലുടനീളം കാണാം. സിവിൽ സർവീസിൽ കടന്നുവരാൻ ആഗ്രഹിക്കുന്നവരും സർവ്വീസിലുള്ള ഉദ്യോഗസ്ഥരും കഥകൾ കേൾക്കാൻ താത്പര്യമുള്ളവരുമെല്ലാം ഈ പുസ്തകം ആസ്വദിക്കും. തീർച്ച.

ഡോ. ശശി തരൂർ

# അവതാരിക

പലരും അനുകരിക്കാൻ ശ്രമിക്കും, എന്നാലോ ആർക്കും അപ്പടി പകർത്താനുമാവില്ല. പ്രശാന്തിനെപ്പറ്റി ആലോചിക്കുമ്പോൾ എന്റെ മനസ്സിൽ വരുന്നതിതാണ്. കേരളത്തിൽ കൂടുതൽ പേരും പ്രശാന്തിനെ അറിയുന്നത് 'കളക്ടർ ബ്രോ' എന്ന പേരിലാണ്. തന്റെ ശ്രദ്ധേയമായ ഔദ്യോഗിക ജീവിതത്തിലൂടെയും ഒരു സാമൂഹ്യ ജീവിയെന്ന നിലയിലും അദ്ദേഹം തന്റെ സാന്നിധ്യം അറിയിച്ചിട്ടുണ്ട്. എങ്കിലും അദ്ദേഹത്തെ വേറിട്ടു നിർത്തുന്നത് മറ്റുള്ളവരോടുള്ള സഹാനുഭൂതിയും സമൂഹത്തിൽ ഗുണപരമായ മാറ്റം കൊണ്ടുവരാനുള്ള ധൈര്യവുമാണ്.

പ്രശാന്തിന്റെ ഈ പുസ്തകം അദ്ദേഹം കോഴിക്കോട് കളക്ടറായിരുന്ന കാലത്ത് അനുഭവിച്ച, താൻ അടുത്തറിഞ്ഞ നിത്യജീവിതത്തിലെ നായകർക്കുള്ള ഒരു സമർപ്പണമാണ്. ഭരണാധികാരികളാകാൻ ആഗ്രഹിക്കുന്നവരും ഇപ്പോൾ അധികാരസ്ഥാനങ്ങളിലിരിക്കുന്നവരും സമൂഹത്തിൽ മാറ്റം കൊണ്ടുവരാമെന്നു പ്രതീക്ഷിക്കുന്നവരും തീർച്ചയായും ഈ പുസ്തകം വായിച്ചിരിക്കണം. പ്രകടവും സുസ്ഥിരവുമായ ഒരു ബ്രാൻഡ് എങ്ങനെ പണിതുയർത്താമെന്നതിന് ഈ പുസ്തകം ഒരു വഴികാട്ടിയാണ്. ഒപ്പം സമൂഹമാധ്യമങ്ങൾ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കണം എന്നതിനും കൃത്യമായ ദിശാബോധം നൽകാൻ പുസ്തകത്തിനു കഴിയുന്നു. മാർക്കറ്റിങ്, കമ്മ്യൂണിക്കേഷൻ, മാനേജ്മെന്റ് രംഗങ്ങളിലുള്ള ഏതൊരാൾക്കും ഇത് മികച്ച വായനാനുഭവം നൽകും. ക്രൗഡ് ഫണ്ടിങ് വഴി സാമൂഹ്യ ക്ഷേമപദ്ധതികൾ നടപ്പാക്കിയതിന്റെയും സാധാരണക്കാരിലൂടെ വലിയ സാമൂഹ്യമാറ്റങ്ങൾ കൊണ്ടുവന്നതിന്റെയും പച്ചയായ ഉദാഹരണങ്ങൾ ഇതിലുണ്ട്. ഈ പുസ്തകം നിർബന്ധമായും സിവിൽ സർവീസ് അക്കാദമികളിലും മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും പാഠ്യപദ്ധതികളിലും ചേർക്കേണ്ടതാണ്.

എല്ലാത്തിനും മീതെ, ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ ശേഷിയുള്ള ശരാശരി മനുഷ്യരിലെ നന്മയുടെ തെളിവുകൂടിയാണ് ഈ പുസ്തകം. സമൂഹമാധ്യമവും സാങ്കേതിക വിദ്യയുമുപയോഗിച്ച് സങ്കീർണ്ണമായ പല പ്രശ്നങ്ങൾക്കും സമർ

ത്ഥമായി പരിഹാരം കണ്ടെത്തുവാൻ ശ്രമിച്ചതിന്റെ ഉൾക്കഥകൾ ഇതിലുണ്ട്.

പ്രശാന്ത് ഒരിക്കലും ഉദ്യോഗസ്ഥപ്രഭുത്വത്തിന്റെ ഭാരം പേറിയിരിക്കുകയായിരുന്നില്ല. മറിച്ച്, ശരിയും നന്മയും ചെയ്യാൻ തന്റെ സ്വാധീന ശേഷിയുപയോഗിച്ച് ജനങ്ങളെ ഒന്നിപ്പിക്കുകയും സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്തു. സന്നദ്ധപ്രവർത്തനം അദ്ദേഹം കേരളത്തിന്റെ മുഖ്യധാരയുടെ ഭാഗമാക്കി. തന്റെ വിനയപൂർവ്വമായ സമീപനംകൊണ്ട് കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഏതു സംവിധാനവും തലകുത്തനെയുള്ള പിരമിഡുകളാണെന്ന് അദ്ദേഹം തെളിയിച്ചു. അവിടെ ഏറ്റവും സാധാരണക്കാരായ ആളുകൾ യഥാർത്ഥ നേതാക്കന്മാരാകുകയും പിരമിഡിന്റെ ഏറ്റവും മുകളിലുള്ളവർ നിസ്വാർത്ഥരായ നടത്തിപ്പുകാരാകുകയും ചെയ്യുന്നു. ബ്യൂറോക്രസി എന്നത് ഒരിക്കലും ഫയലുകൾക്കു പിന്നിൽ ഒളിച്ചിരിക്കലല്ലെന്നും ഒന്നിച്ചു നിന്നും പരസ്പരം താങ്ങായും ചുറ്റുമുള്ളവരുടെ ജീവിതം മെച്ചപ്പെടുത്താനുള്ള ഒരവസരമാണെന്നുമുള്ള ശുഭചിന്തയാണ് ഈ പുസ്തകം നമ്മോടു പങ്കുവയ്ക്കുന്നത്.

*സമയോചിത പദ്യമാലിക*യിൽനിന്നുള്ള ഒരു സംസ്കൃത ശ്ലോകത്തെക്കാൾ നന്നായി ഒന്നുമുണ്ടെന്നു തോന്നുന്നില്ല ഈ കുറിപ്പ് അവസാനിപ്പിക്കുവാൻ,

*'അമന്ത്രമക്ഷരം നാസ്തി നാസ്തി മൂലമനൗഷധം*

*അയോഗ്യ പുരുഷോ നാസ്തി യോജകാസ്തത്ര ദുർലഭ'*

അതായത്,

*വശ്യമല്ലാത്ത ഒരക്ഷരവുമില്ല, ഔഷധമല്ലാത്ത വേരൊന്നുമില്ല*

*യോഗ്യരല്ലാത്തവരാരുമില്ല*

*എന്നാൽ ഇവയെല്ലാം കൃത്യമായി തിരിച്ചറിഞ്ഞുപയോഗിക്കാനറിയുന്നവർ ഏറെയില്ല.*

കളക്ടർ ബ്രോ തന്റെ പ്രവൃത്തികൾകൊണ്ട് തനിക്ക് ചുറ്റുമുള്ള ധാരാളം പേരുടെ ജീവിതത്തിനർത്ഥമുണ്ടാക്കുകയും ശുഭകരമായ മാറ്റം സൃഷ്ടിക്കുകയും ചെയ്തയാളാണ്.

ഈ പുസ്തകം നമ്മളിൽ ധാരാളം പേർക്ക് ഒരു പാഠവും വരും തലമുറകൾക്ക് പ്രചോദനവുമായിരിക്കുമെന്ന് എനിക്കുറപ്പാണ്.

**ടോണി തോമസ്**



# തള്ളൽപ്രസ്ഥാനം!

ബ്രിട്ടീഷ് ഭരണ സംവിധാനങ്ങളുടെ തുടർച്ചയായാണ് നമ്മുടെ നാട്ടിൽ കളക്ടർ എന്ന ജോലി നിലനിൽക്കുന്നത്. പുതിയതായി പിടിച്ചടക്കിയ ഭൂപ്രദേശങ്ങളിലെ നികുതി പിരിച്ചെടുക്കാനും അവിടുത്തെ ക്രമസമാധാനം നിലനിർത്താനുമുള്ള ഉത്തരവാദിത്വമാണ് അക്കാലത്ത് കളക്ടർക്ക് ഉണ്ടായിരുന്നത്. അങ്ങനെയാണ് റെവന്യൂ കളക്ടർ, ലോ ആൻഡ് ഓർഡർ മജിസ്ട്രേട്ട് എന്നീ പദവികൾ ചേർത്ത് 'കളക്ടർ' ഉണ്ടായത്.

സ്വാതന്ത്ര്യം കിട്ടിയിട്ടും നമ്മൾ ഈ ഭരണസംവിധാനം തുടർന്നു. ജനാധിപത്യ സംവിധാനം നിലവിൽ വന്നിട്ടും ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട അധികാരി ഇപ്പോഴും കലക്ടർ തന്നെയാണ്. സിവിൽ സർവീസിൽ ഐ.എ.എസ്. തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നവരും തിരഞ്ഞെടുക്കുന്നവരും സ്വപ്നം കാണുന്നത് കളക്ടറായി ജില്ല ഭരിക്കുന്ന കാലമാണ്.

മലയാളികൾക്ക് സുപരിചിതരായ മൂന്നു പേരാണ് എന്റെ കളക്ടർ സങ്കല്പത്തെ അടയാളപ്പെടുത്തുന്നത്.

ഒന്നാമത്തേത് എസ്. കൃഷ്ണകുമാർ തന്നെയാണ്. 1970-കളിലാണ് അദ്ദേഹം എറണാകുളത്ത് ജില്ലാ കളക്ടറായിരുന്നത്. അൻപത് വർഷത്തിനു ശേഷവും എറണാകുളംകാർക്ക് കളക്ടർ എന്നാൽ കൃഷ്ണകുമാർ തന്നെയാണ്. ഇന്നത്തെ എറണാകുളം ജില്ലയുടെ ബ്ലൂ പ്രിന്റ് അന്ന് അദ്ദേഹം വരച്ചിട്ടു പോയതുതന്നെയാണ്. മറൈൻ ഡ്രൈവ്, ജി. സി. ഡി. എ., കാക്കനാട്ടെ കലക്ടറേറ്റ്, കുടുംബാസൂത്രണ പദ്ധതി എന്നിങ്ങനെ കൊച്ചിയുടെ വർത്തമാനത്തിലും ഭാവിയിലുമായി അദ്ദേഹത്തിന്റെ കയ്യൊപ്പ് പതിഞ്ഞുകിടക്കുന്നു.

രണ്ടാമത് മമ്മൂട്ടിയുടെ ജോസഫ് അലക്സ് ആണ്. കത്തിച്ചാമ്പലാകുന്ന നഗരത്തെ രക്ഷിക്കാൻ രാത്രി മുഴുവൻ ഓടി നടക്കുന്ന, മന്ത്രിമാരോടും സഹപ്രവർത്തകരോടും കത്തിക്കയറുന്ന, എക്സിക്യൂട്ടിവ് മജിസ്ട്രേറ്റിന്റെ പ്രത്യേക അധികാരങ്ങൾ ഉപയോഗിച്ച് മഞ്ഞപ്പത്രക്കാരെ അറസ്റ്റ് ചെയ്യുന്ന, ആവശ്യം വന്നാൽ തോക്കെടുത്ത് കേന്ദ്രമന്ത്രിക്ക് നേരേ പോലും ചൂണ്ടുന്ന ജോസഫ് അലക്സ്.

മൂന്നാമത്തെ ആൾ കളക്ടർ ബ്രോ എന്ന പ്രശാന്ത് എൻ. ആണ്.

# അങ്ങനങ്ങ് പോയാലോ

എന്തായാലും നിങ്ങൾ ഈ പേജ് വരെയെത്തി. ആ സ്ഥിതിക്ക് ഈ പുസ്തകത്തെയും ഇതിലെ ആശയങ്ങളെയും പറ്റി നിങ്ങൾ എന്താണ് ചിന്തിക്കുന്നതെന്നറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. ഈ പുസ്തകത്തിലെ ഒരു വാക്കെങ്കിലും ഏതെങ്കിലും വിധത്തിൽ നിങ്ങളെ പ്രചോദിപ്പിച്ചുവെന്നറിഞ്ഞാൽ എന്റെ അധ്വാനം പാഴായില്ലെന്ന് എനിക്കാശ്വസിക്കാമല്ലോ. നിങ്ങളുടെ തലച്ചോറിന് ഈ പുസ്തകം വായിച്ചിട്ട് ഒരു ചെറിയ, വളരെ ചെറിയ കിക്ക് കിട്ടിയാൽ കൂടി ഞാൻ സന്തോഷവാനായിരിക്കും.

ഈ തള്ളിമറിക്കലിനിടയിൽ ആരെയെങ്കിലും അറിയാതെ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ ഞാൻ ക്ഷമ ചോദിക്കുന്നു. ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന ശ്രമങ്ങൾ യാഥാർഥ്യമാക്കുന്നതിന് ആയിരക്കണക്കിന് സഹാനുഭൂതി നിറഞ്ഞ മനുഷ്യർ അവരുടേതായ രീതിയിൽ സംഭാവന ചെയ്തിട്ടുണ്ട്. അവരോരോരുത്തരുടേയും പേര് എടുത്തുപറയാൻ പറ്റാത്തതാണ് ഈ പുസ്തകത്തിന്റെ ഏറ്റവും വലിയ പോരായ്മ. സോഷ്യൽ മീഡിയയിലൂടെ ഉടനടിയുള്ള പ്രതികരണങ്ങളും അഭിപ്രായങ്ങളും വായിച്ചു ശീലമായതിനാൽ നിങ്ങളോരോരുത്തരും ഈ പുസ്തകത്തെപ്പറ്റി എന്ത് ചിന്തിക്കുന്നുവെന്നറിയാൻ എനിക്ക് വലിയ താല്പര്യമുണ്ട്. നിങ്ങളെഴുതുന്ന ഓരോ വരിയും വായിച്ചിരിക്കുമെന്ന് ഞാനുറപ്പ് നൽകുന്നു.

prasanthnair.ias@gmail.com